ശ്രീ. പി. പി. ഉമ്മർകോയ : കേന്ദ്ര ഗവണ്മെൻറിൻെറ ഉദ്യോഗസ്ഥന്മാരാണ് ചേളാരി വിമാനത്താവളം നിർമ്മിക്കുന്നതിനു പറ്റിയ സ്ഥലമല്ലെന്നു പറഞ്ഞത്. കേരള ഫ്ളൈയിംഗ് ക്ലബ്ബ് പ്രസിഡണ്ട് ശ്രീ. ഗോദവർമ്മരാജായും ക്ലബ്ബിൻെറ ചീഫ് ഇൻസ്ട്രക്ടറായ മി. കൃഷ്ണനും ഈ അവരുടെ വകയായിട്ടുള്ള വിമാനത്തിൽ ചേളാരിയിൽ അടുത്ത ദിവസം പൊന്നിറങ്ങുകയുണ്ടായി. അവർ ആ സ്ഥലങ്ങളിൽ ഒരു വ്യോമനിരീക്ഷണം നടത്തി. അവർ മടങ്ങിവന്നുകൊണ്ടു റിപ്പോർട്ട് ചെയ്തിരിക്കുന്നതു ചേളാരിയിൽത്തന്നെ വിമാനത്താവളമുണ്ടാക്കുന്നതിനു കൂടുതൽ സൗകര്യമുണ്ടാക്കാൻ സാധിക്കുമെന്നാണ്. അതായതു്, ചേളാരിയിൽ ഇപ്പോഴുള്ള എയർസ്ട്രിപ്പ് കൂടുതൽ വികസിപ്പിക്കുന്നതിനു സൗകര്യമില്ല. അവിടെയുള്ള ഒരു കുന്നു് ഇടിച്ചുതാഴ്ത്തി നിരപ്പാക്കുകയാണെങ്കിൽ ആവശ്യമുള്ളത്ര സ്ഥലം അവിടെ കിട്ടാൻ സാധിക്കുമെന്നാണു്. ഇക്കാര്യങ്ങളും അവർ നിരീക്ഷണം നടത്തിയതിനുശേഷം റിപ്പോർട്ട് ചെയ്തിട്ടുണ്ടു്. അങ്ങനെ സാധിക്കുമോ എന്നു പരിശോധിക്കുന്നതിനും സാധിക്കുകയാണെങ്കിൽ എത്ര ചെലവുവരുമെന്നും ഉള്ള വിവരങ്ങളും അവിടത്തെ എഞ്ചിനീയറന്മാരോടു് ആവശ്യപ്പെട്ടിരിക്കുകയാണു്. കേന്ദ്ര ഗവണ്മെൻറിൻെറ ഉദ്യോഗസ്ഥൻ വരുമ്പോൾ ഈ വിവരങ്ങളും അവരേയും അറിയിക്കും.

മിൽക്കു് സപ്ലൈ സ്കീമുകൾ

* 738. [14] ശ്രീ. എം. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവികസനമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തു് എത്ര മിൽക്കു് സപ്ലൈ സ്കീമുകൾ പ്രവർത്തിക്കുന്നുണ്ടു് ;

(ബി) അവ എവിടെയെല്ലാം;

(സി) ടി സ്കീമുകൾകൊണ്ടു് ആളുകൾക്കു ലഭിക്കുന്ന പ്രയോജനങ്ങൾ എന്തെല്ലാം ?

ക്ഷീരവികസനമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ) ഒന്നു്

(ബി) തിരുവനന്തപുരത്തു്.

(സി) ശുദ്ധമായ പാലും, പാൽ വിവേങ്ങളും ന്യായ വിലയ്ക്കു ഉപഭോക്താക്കൾക്കു ലഭിക്കുന്നതു കൂടാതെ, ക്ഷീരോല്പാദകർക്കു് ഒരു സ്ഥിരമായ വിപണിയും ലഭിക്കുന്നു. പൊതുജനങ്ങളിൽ പാലിൻെറ ഉപയോഗം ഉയർത്തുന്നതിനും തന്മൂലം പൊതുജനാരോഗ്യം വർദ്ധിപ്പിക്കുന്നതിനും ഈ സ്കീം പ്രയോജനപ്പെടുന്നു.

ശ്രീ. എം. സി. എബ്രഹാം : ഈ മാതിരി സ്കീം മറ്റു പട്ടണങ്ങളിലേക്കു വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ഈ. പി. പൗലോസു് : കോട്ടയം, എറണാകുളം, പാലക്കാടു് കോഴിക്കോടു് എന്നീ സ്ഥലങ്ങളിലേക്കു വ്യാപിപ്പിക്കുന്നുണ്ടു്.

ശ്രീ. കെ. എം. ജോർജ്ജു് : എറണാകുളത്തു് ആവശ്യമായ പാൽ വിതരണം ചെയ്യുന്നതിൻെറ പ്രാരംഭമായി മിൽക്കു കളക്ടു ചെയ്യുന്നതിനുള്ള ഒരു പരിപാടി ഉടനെ ആരംഭിക്കുമെന്നു ബഹുമാനപ്പെട്ട മന്ത്രി മുൻപു പറഞ്ഞിട്ടുണ്ടു്. അതിൻെറ പ്രവർത്തനം എത്രത്തോളം പുരോഗമിച്ചിട്ടുണ്ടു് ?

ശ്രീ. ഈ. പി. പൗലോസു് . അതിനുവേണ്ട ലാൻഡു് അക്വിസിഷൻ കഴിഞ്ഞു. കെട്ടിടം പണി നടന്നുകൊണ്ടിരിക്കുകയാണു്. പണി തീർന്നാൽ ആവശ്യമുള്ള എക്വിപ്മെൻറു വാങ്ങണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി എ. നഫീസത്തുബീവി : മറുപടിയിൽനിന്നു മനസ്സിലാകുന്നതു്, ഏതാനും ചില ഡിസ്ട്രിക്റ്റുകളിൽ ഈ സ്കീം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവെന്നാണു്. പൊതുജനാരോഗ്യത്തിനു് സഹായകമായ ഈ സ്കീം ആലപ്പുഴ ഡിസ്ട്രിക്റ്റിൽ ഇതുവരെ തുടങ്ങിയിട്ടില്ല. സർവ്വേ നടക്കുന്നുണ്ടു്. അതിന്റെ പ്രവർത്തനം എത്രമാത്രം പുരോഗമിച്ചിട്ടുണ്ടു് ?

ശ്രീ. ഈ. പി. പൗലോസു് : ആ വിവരം എന്നേക്കാൾ കൂടുതലായി മെമ്പർക്കുതന്നെ അറിയാമല്ലോ.

ശ്രീ. എം. വി. വാസു : പാലക്കാട്ടു് ഒരു പാസ്ചറൈസേഷൻ പ്ലാന്റു് സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നതായി മൻപു പറഞ്ഞിട്ടുണ്ടു്. അതു ഇപ്പോൾ ഏതു നിലയിൽ ഇരിക്കുന്നു ?

ശ്രീ. ഈ. പി. പൗലോസു് : അതിനു സ്ഥലം നിർണ്ണയിക്കുകയും കെട്ടിടംപണി ആരംഭിക്കുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ചിലർ കണക്കിൽകവിഞ്ഞു പാലിൽ വെള്ളം ചേർക്കുന്നു. കോഴിക്കോട്ടു് ഒരു സഹകരണസംഘത്തിനു് വെള്ളം ചേർത്തതിനു ആയിരം രൂപവരെ പിഴശിക്ഷ നൽകിയിട്ടുണ്ടു്. ഈവക കാര്യങ്ങളെ കർശനമായി തടയാൻ നടപടി എടുക്കുന്നുണ്ടോ ?

ശ്രീ. ഈ. പി. പൗലോസു് : പാൽ പരിശോധിക്കുന്നതിനു് ഏർപ്പാടുകളും ഉണ്ടു്. കണ്ടുപിടിക്കുന്ന കേസുകളും ശിക്ഷിക്കപ്പെടുന്നുമുണ്ടു്. അതെല്ലാം മിൽക്കു സപ്ലൈ യൂണിയന്റെ പ്രവർത്തനത്തിൽപ്പെടുന്നതാണു്. ഇതിൽ കൂടുതൽ കർശനമായി ശ്രദ്ധിക്കണമെന്നു നിർദ്ദേശം നൽകാം.

കുരുമുളകുതോട്ടങ്ങൾ

* 739. [16] ശ്രീ. പി. എസ്സു്. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യത്തിനു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ അഞ്ചു് ഏക്കറും അതിൽ കൂടുതലുമുള്ള കുരുമുളകുതോട്ടങ്ങൾ (Pure pepper-vine gardens) എവിടെയെല്ലാമുണ്ടു് ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്):

സംസ്ഥാനത്തു് 5 ഏക്കറും അതിൽ കൂടുതലുമുള്ള കുരുമുളകു തോട്ടങ്ങൾ, തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാടു്, കോഴിക്കോടു്, കണ്ണൂർ എന്നീ ജില്ലകളിലുണ്ടു്.

ശ്രീ. എം. എം. മത്തായി : 5 ഏക്കറിൽ കൂടുതലുള്ള [കുരുമുളകുതോട്ടങ്ങൾ എത്രയുണ്ടെന്നു പറയാമോ ?

ശ്രീ. ഈ. പി. പൗലോസു് : ആകെ എത്രയുണ്ടെന്നു് കൃത്യമായി ഇപ്പോൾ പറയുവാൻ സാധ്യമല്ല.

റവന്യൂ ഡിപ്പാർട്ടുമെന്റിലെ പണാപഹരണക്കേസുകൾ

* 740. [17] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1962, 1963 എന്നീ വർഷങ്ങളിൽ റവന്യൂ ഡിപ്പാർട്ടുമെന്റിൽ എത്ര പണാപഹരണക്കേസുകൾ ഉണ്ടായിട്ടുണ്ടു് ;

(ബി) ഓരോന്നിലും involved ആയിട്ടുള്ള സംഖ്യ എത്ര ;

(സി) ഈ കേസുകളിൽ എത്രയെണ്ണം അന്വേഷണം പൂർത്തിയായി [illegible] ?

LIBRARY ARCHIVES Kerala Legislative Assembly